(സി) നിയമനോത്തരവുകളോടൊപ്പമുള്ള സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളും സർവീസ് ബുക്കുൾപ്പെടെ കോളേജ് ഓഫീസുകളിൽ നിന്നും നഷ്ടപ്പെട്ടു പോയതിനാൽ ഇത്തരം നിയമനോത്തരവുകൾ വർഷങ്ങളായി അംഗീകാരത്തിനായി ലഭ്യമാക്കിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കുമോ;

(ഡി) പ്രസ്തുത എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ മുഴുവൻ നിയമനങ്ങൾക്കും സമയബന്ധിതമായി അംഗീകാരം നൽകാൻ നടപടി സ്വീകരിക്കാൻ ഡി. റ്റി. ഇ.-ക്കും ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്കും അടിയന്തിര നിർദ്ദേശം നൽകുമോ;

(ഇ) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് നിശ്ചിത സമയത്തിനകം ഗവൺമെന്റിലേക്ക് റിപ്പോർട്ട് നൽകുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് (ഡി. റ്റി. ഇ.) നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ടി. കെ. എം. എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ ലക്ചററായിരുന്ന ശ്രീ. എൻ. നിയാസിനെ 2002-ൽ ക്യു.ഐ.പി. സ്ക്രീനിംഗ് കമ്മിറ്റി സെലക്ട് ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷിക്കാവുന്നതാണ്.

(ഡി ആന്റ് ഇ) നിയമപരമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

എഞ്ചിനീയറിംഗ് പ്രവേശനത്തിന് പുതിയ മാനദണ്ഡം

122 [3012] ശ്രീമതി രാധാരാഘവൻ :
ശ്രീ. ഇ. എം. അഗസ്തി :
,, കെ. അച്ചുതൻ :
,, ടി. വി. ചന്ദ്രമോഹൻ :
പ്രൊഫ. എ. ഡി. മൂസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ് ബിരുദ പഠനത്തിനുള്ള പ്രവേശനം സംബന്ധിച്ച മാനദണ്ഡങ്ങളിൽ എ. ഐ. സി. ടി. ഇ. എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ മാറ്റങ്ങൾ സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) എ. ഐ. സി. ടി. ഇ.-യുടെ 16-2-2004-ലെ റെഗുലേഷൻസിൽ നിർബന്ധ വിഷയമായി പ്ലസ് ടു തലത്തിൽ കെമിസ്ട്രി പഠിക്കേണ്ടതില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഫിസിക്സ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾ നിർബന്ധമായും പഠിച്ച് കെമിസ്ട്രി, ബയോടെക്നോളജി, കമ്പ്യൂട്ടർ സയൻസ്, ബയോളജി എന്നിവയിൽ ഏതെങ്കിലും ഒന്നു പഠിച്ച് പ്ലസ് ടു പരീക്ഷ പാസ്സായവർ എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സ് പ്രവേശനത്തിന് യോഗ്യരാണെന്നും റഗുലേഷൻസിൽ വ്യവസ്ഥ ചെയ്യുന്നു. കേരളത്തിൽ ഇത് 2005-ലെ പ്രവേശനത്തിന് ബാധകമാക്കിയിട്ടില്ല.

(സി) കേരളത്തിൽ എഞ്ചിനീയറിംഗ് കോഴ്സുകളിലെ പ്രവേശനത്തിനുള്ള യോഗ്യത തീരുമാനിക്കുന്നത് ഈ കോഴ്സുകൾ നടത്തുന്ന യൂണിവേഴ്സിറ്റികളാണ്. എ. ഐ. സി. ടി. യുടെ പുതിയ വ്യവസ്ഥകൾ പ്രകാരമുള്ള യോഗ്യതാ മാനദണ്ഡം കേരളത്തിലെ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് ബാധകമാക്കണോ എന്ന കാര്യം യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് ആലോചിക്കാവുന്നതാണ്.

മെഡിക്കൽ സാങ്കേതിക കോളേജ് പ്രവേശനത്തിന് സംവരണം

123 [3013] ശ്രീ. ഇ. എം. അഗസ്തി :
,, എം. എ. ചന്ദ്രശേഖരൻ :
,, പി. ടി. തോമസ് :
,, എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ സാങ്കേതിക കോളേജുകളിലേക്കുള്ള പ്രവേശനത്തിന് ഏതെല്ലാം വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ വിഭാഗത്തിനും അനുവദിച്ചിട്ടുള്ള സംവരണം എത്രയെന്ന് പറയുമോ?

ഉത്തരം

(എ) സംവരണം പ്രധാനമായും 5 വിഭാഗങ്ങളിലാണ് നൽകിവരുന്നത്.

1. എം. ബി. ബി. എസ്./ബി. ഡി. എസ്. കോഴ്സുകൾക്കുള്ള അഖിലേന്ത്യാ കാറ്റഗറി. ഇത് അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴിയാണ് നികത്തപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly